ഉത്തരം

(എ) ഉണ്ട്.

(ബി) 1-11-1976 മുതൽ.

(സി) കെ. എസ്. ആർ. ടി സി. വക ബസ്സുകൾ-21, പ്രൈവറ്റ് ബസ്സുകൾ 92.

കാൻസൽ ചെയ്ത ഷെഡ്യൂളുകൾ

100 [139] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ശരാശരി എത്ര ഷെഡ്യൂളുകൾ വീതം പ്രതിദിനം ഓരോ ട്രാൻസ്പോർട്ടു ഡിവിഷനിലും കാൻസൽ ചെയ്യുകയുണ്ടായിട്ടുണ്ട്;

(ബി) ഏറ്റവും കൂടുതൽ ഷെഡ്യൂളുകൾ കാൻസൽ ചെയ്തിരിക്കുന്ന ഡിവിഷൻ ഏതാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഓരോ ഡിപ്പോയിലും ശരാശരി പ്രതിദിനം കാൻസൽ ചെയ്തിട്ടുള്ള ട്രിപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. കാൻസലേഷന്റെ കണക്കുകൾ ശേഖരിക്കുന്നത് ഷെഡ്യൂളുകളായിട്ടല്ലാത്തതുകൊണ്ടാണ് ട്രിപ്പുകളുടേയും കിലോമീറ്ററിന്റേയും എണ്ണം കാണിച്ചിരിക്കുന്നത് *.

(ബി) ഏറ്റവും കൂടുതൽ ട്രിപ്പുകൾ കാൻസൽ ചെയ്തിട്ടുള്ളതു തിരുവനന്തപുരം സിറ്റി ഡിപ്പോയിലും ഏറ്റവും കൂടുതൽ കിലോമീറ്റർ കാൻസൽ ചെയ്തിട്ടുള്ളത് കൊല്ലം ഡിപ്പോയിലും ആണ്.

ആലപ്പുഴ—കായംകുളം—മലനട—കൊട്ടാരക്കര—തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ

101 [140] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ—കായംകുളം—മലനട—കൊട്ടാരക്കര—തിരുവനന്തപുരം വീണ്ടും പ്രസ്തുത റൂട്ടുവഴി ഏറണാകുളത്തേയ്ക്കു പോകുന്ന ഫാസ്റ്റ് പാസഞ്ചർ ബസ് സർവീസ് നിറുത്തിവച്ചിരുന്നത് വീണ്ടും തുടങ്ങുവാൻ ഗവൺമെന്റ് ഉത്തരവിട്ടിട്ടും സർവ്വീസ് തുടങ്ങുവാനുള്ള കാലതാമസം എന്താണ്;

(ബി) പ്രസ്തുത സർവ്വീസ് ഉടനെ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലനട ഉൽസവം പ്രമാണിച്ചു താൽക്കാലികാടിസ്ഥാനത്തിലാണ് പ്രസ്തുത സർവ്വീസ് നടത്തിയിരുന്നത്.

(ബി) വാഹനദൗർലഭ്യം പരിഹരിക്കപ്പെടുന്നതോടുകൂടി ഈ ആവശ്യം പരിഗണിക്കുന്നതാണ്.

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 100 [139] കാണുക

ക്രമ നമ്പർ	യൂണിറ്റ്		കൃത്യനിർണ്ണയം ചെയ്ത ട്രിപ്പുകളും കി. മീറ്ററും		ശതമാനം
(1)	(2)		(3)	(4)	(5)
1.	നെയ്യാറ്റിൻകര		108	2270	9
2.	തിരുവനന്തപുരം	സെൻട്രൽ	151	4931	9
3.	,,	സിറ്റി	186	3117	9
4.	പാപ്പനംകോട്		119	1222	11
5.	വിഴിഞ്ഞം		67	1550	13
6.	ആറ്റിങ്ങൽ		88	2616	16
7.	നെടുമങ്ങാട്		157	3765	17
8.	കൊല്ലം		195	7787	18
9.	കായംകുളം		150	5099	19
10.	കൊട്ടാരക്കര		138	5185	21
11.	പുനലൂർ		78	2988	10
12.	പത്തനംതിട്ട		50	2242	21
13.	ചെങ്ങന്നൂർ		157	3874	18
14.	തിരുവല്ലാ		149	3609	18
15.	ചങ്ങനാശ്ശേരി		115	3391	15
16.	കോട്ടയം		166	5862	17
17.	പാലാ		102	3355	18
18.	ആലപ്പുഴ		169	5870	10
19.	ചേർത്തല		17	1903	19
20.	എറണാകുളം		148	6513	20
21.	ആലുവ		111	2869	10
22.	മൂവാറ്റുപുഴ		105	3858	19
23.	പെരുമ്പാവൂർ		102	2381	15
24.	ചാലക്കുടി		65	1802	14
25.	തൃശ്ശൂർ		88	9222	18
26.	ഗുരുവായൂർ		32	1657	13
27.	പാലക്കാട്		13	1136	5
28.	പൊന്നാനി		20	323	13
29.	പെരിന്തൽമണ്ണ		6	865	8
30.	കോഴിക്കോട്		104	8329	15
31.	സുൽത്താൻബത്തേരി		82	2263	12
32.	കണ്ണൂർ		44	8502	16
33.	പയ്യന്നൂർ		29	2304	15

LIBRARY ARCHIVES Kerala Legislative Assembly